ചെറുനഗരങ്ങളിൽ മുപ്പത്തെട്ട് എണ്ണത്തിൽ ഓടകൾ തുറന്നുകിടക്കുന്നു. മൂടിയ ഓടകളില്ലാത്ത നഗരങ്ങളിൽ മലിനജലം നേരിട്ട് നദിയിൽചെന്നു വീഴുന്നു. മൂടിയ ഓടകളുള്ള നഗരങ്ങളിൽത്തന്നെ, മലിനജലം പമ്പുചെയ്ത് സംസ്കരിക്കാനുള്ള സംവിധാനം, മിക്ക സ്ഥലത്തും, പ്രവർത്തനരഹിതമാണ്. നഗരങ്ങളിലെ ഓടവെള്ളം വീഴുന്നതു തടഞ്ഞാൽ, ഗംഗയിലെ പ്രദൂഷണം എഴുപത്തഞ്ചു ശതമാനവും ഇല്ലാതാവുമെന്ന് ഗംഗാശുചീകരണപദ്ധതിയുടെ ഡയറക്ടർ ശ്രീ കെ. സി. ശിവരാമകൃഷ്ണൻ പ്രസ്താവിച്ചിട്ടുണ്ട്. നഗരങ്ങളിലെ ഓടവെള്ളം പമ്പ്ചെയ്ത് സംസ്കരിക്കാനും അതിൽനിന്നു ബയോഗ്യാസും വളവും വേർതിരിച്ചെടുക്കാനും ബാക്കി വരുന്ന വെള്ളം ജലസേചനത്തിന് ഉപയോഗപ്പെടുത്താനുമുള്ള സംവിധാനമുണ്ടാക്കുകയും, ഫാക്ടറികളിലെ മലിനജലം സംസ്കരിച്ച് ദോഷകരങ്ങളായ രാസവസ്തുക്കൾ വേർതിരിച്ചു നീക്കുകയും ആണ് ഗംഗയെ പുനരുജ്ജീവിപ്പിക്കാനുള്ള പദ്ധതിയുടെ മുഖ്യമായ ഉള്ളടക്കം. ഗംഗാതീരത്തുള്ള വലിയ (ക്ലാസ് 1) നഗരങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കാൻ ഇരുനൂറ്റിത്തൊണ്ണൂറ്റി രണ്ടുകോടി രൂപ കേന്ദ്രഗംഗാ അതോറിറ്റി ഇതിനകം വകയിരുത്തിയിട്ടുണ്ട്. ഇതിൽ ഇരുനൂറ്റി നാല്പതുകോടി രൂപയും ഏഴാംപദ്ധതിക്കാലത്തു ചെലവഴിക്കും.

ഗംഗാനദിയെ ശുചീകരിക്കുന്നതിനുള്ള ഈ പദ്ധതിയിൽ കേരളീയർക്ക് പ്രത്യേക താത്പര്യമുണ്ടാകേണ്ടതാണ്. കാരണം, ജനപ്പെരുപ്പംമൂലം കേരളത്തിലെ ജലമത്രയും മാലിന്യബാധിതമായിരിക്കുകയാണ്. കേരളത്തിൽ ഒരു നഗരത്തിലുമില്ല മാലിന്യസംസ്കരണത്തിനു വ്യവസ്ഥ. ഡ്രെയിനേജ് പദ്ധതിയുടെ പേരിൽ ലോകബാങ്കിൽനിന്നും മറ്റുമായി കേരളസർക്കാരിനു കിട്ടിയ പണം കോൺട്രാക്ടർമാർ വാങ്ങുകയും, അവിടവിടെ റോഡ് കുഴിച്ച് ഏതാനും പൈപ്പുകൾ ഇടുകയുംചെയ്തിട്ടുണ്ട്. ഇനിയെന്തുചെയ്യണമെന്നതിനെപ്പറ്റി ഒരാൾക്കുമില്ല വ്യക്തമായ ധാരണ. ഇതിങ്ങനെപോയാൽ, അടുത്ത നൂറ്റാണ്ട് ആരംഭിക്കുമ്പോഴേക്ക് കേരളം മുഴുവൻ വലിയ ഒരു കുപ്പക്കുഴി ആയിമാറും; 'വിഷക്രിമി ന്യായേന ജീവാമൃഹം' എന്നതായിരിക്കും അന്ന് കേരളീയരുടെ മുഴുവൻ വിധി.

നഗരങ്ങളിലെയും ഫാക്ടറികളിലെയും മാലിന്യം തുറന്ന വെള്ളത്തിലേക്കും ഭൂഗർഭജലത്തിലേക്കും ചെന്നുപറ്റാതെ, തടഞ്ഞുനിർത്തി സംസ്കരിച്ച്, ബയോഗ്യാസും വളവും സേചനത്തിനു പറ്റിയ ജലവുമായി മാറ്റാനുള്ള സംവിധാനം കേരളത്തിൽ ഒരു അടിയന്തിരാവശ്യമായിക്കഴിഞ്ഞിരിക്കുന്നു. ഈ വിഷയത്തിൽ കേന്ദ്രഗംഗാ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ നമുക്കു മാർഗദർശകമാകേണ്ടതാണ്.

ആരുണ്ട് ശ്രദ്ധിക്കാൻ?

15 ഒക്ടോബർ, 1985.

# 50. ശതാബ്ദസങ്കൽപം

ക്രിസ്തുവർഷം 1757–ൽ ബംഗാളിലെ 'പ്ലാസി' എന്ന സ്ഥലത്തുവെച്ചു നടന്ന യുദ്ധത്തോടെ ഇന്ത്യയിൽ ബ്രിട്ടീഷ് സാമ്രാജ്യം സ്ഥാപിക്കപ്പെട്ടു. ഈ സാമ്രാജ്യത്തിനെതിരെ ഇന്ത്യക്കാർ നടത്തിയ ഏറ്റവും സംഘടിതമായ സായുധകലാപം ആയിരുന്നു 1857–ലെ 'ശിപായിലഹള.' പരാജയപ്പെട്ട ശിപായിലഹള നടക്കുന്നതിന്നു രണ്ടു പതിറ്റാണ്ടുകൾമുമ്പുതന്നെ, ബ്രിട്ടീഷ് നിയമങ്ങളുടെ ചട്ടക്കൂടിനകത്തു് ഒതുങ്ങിനിന്നുകൊണ്ടു

പരിമിതങ്ങളായ ഭരണപരിഷ്കാരങ്ങൾ നേടിയെടുക്കുന്നതിനുള്ള ശ്രമങ്ങൾ ഇന്ത്യയിൽ ആരംഭിച്ചിരുന്നു. പരസ്പരം ബന്ധപ്പെടാതെ വ്യത്യസ്ത പ്രദേശങ്ങളിൽ നടന്നുവന്ന ഈ പരിശ്രമങ്ങൾ ഏകീകരിക്കപ്പെട്ട് ഒരു അഖിലേന്ത്യാസംഘടനയുടെ രൂപം കൈക്കൊണ്ടതു് 1885 ഡിസംബർ 28—ാം തീയതി ആണ്. മുപ്പത്താറു വർഷം ഇന്ത്യയിലെ ബ്രിട്ടീഷ് ഗവണ്മെൻറിനെ സേവിച്ചശേഷം 1882-ൽ പെൻഷൻപററിയ ഇംഗ്ലീഷുകാരനായ അല്ലൻ ഒക്ടേവിയൻ ഹ്യൂമിൻെറ യത്നങ്ങളുടെ ഫലമായി, ഇന്ത്യയുടെ വിഭിന്ന സംസ്ഥാനങ്ങളിൽനിന്നെത്തിയ എഴുപത്തിരണ്ടു പൊതുപ്രവർത്തകർ, ബംഗാളിലെ പ്രമുഖ ബാരിസ്റ്റർ ആയിരുന്ന ഉമേശ് ചന്ദ്ര ബാനർജിയുടെ അദ്ധ്യക്ഷതയിൽ ബോംബെയിലെ ഗോകൽദാസ് തേജ്പാൽ സംസ്കൃതകോളേജിൽ സമ്മേളിച്ച് ഇന്ത്യൻ നാഷനൽ കോൺഗ്രസ് രൂപവത്കരിച്ചതു് അന്നായിരുന്നു. കോൺഗ്രസ്സിൻെറ അറുപത്തിരണ്ടു വർഷങ്ങളിലെ നിസ്തന്ദ്രമായ പ്രവർത്തനത്തിൻഫലമായി 1947 ആഗസ്റ്റ് 15—ാം തീയതി ഇന്ത്യ ബ്രിട്ടീഷ് ഭരണത്തിൽനിന്നു വിമോചിതമായി. അതിനുശേഷം, അതിഹ്രസ്വമായ ഒരു ഇടവേള ഒഴിച്ചാൽ, ഇക്കഴിഞ്ഞ മുപ്പത്തെട്ടു വർഷങ്ങളിൽ ഇന്ത്യയുടെ ഭരണത്തിനു നേതൃത്വം നൽകിപ്പോന്നതു് കോൺഗ്രസ്തന്നെയാണ്. പാശ്ചാത്യ ശക്തികളുടെ ചൂഷണത്തിൻകീഴിൽ നരകയാതന അനുഭവിച്ചിരുന്ന ഏഷ്യയിലെയും ആഫ്രിക്കയിലെയും കോളനികളുടെ വിമോചനത്തിനു കളമൊരുക്കിയതിലും മഹനീയമായ ഒരു ഭൂമിക ഇന്ത്യൻ നാഷനൽ കോൺഗ്രസ് നിർവഹിച്ചിട്ടുണ്ട്. 'ലോകത്തിൽ, ഇപ്പോൾ നിലവിലുള്ള ഏററവും വലിയ ജനാധിപത്യപാർട്ടി' എന്ന പദവിയും കോൺഗ്രസ്സിനു് അവകാശപ്പെട്ടതാണ്.

കോൺഗ്രസ്സിൻെറ ശതാബ്ദിയാഘോഷങ്ങൾ 1985 മെയ് 6—ാം തീയതി ദൽഹിയിൽ ആരംഭിക്കുകയും, എട്ടു മാസം കഴിഞ്ഞു് ഡിസംബർ 28, 29 തീയതികളിൽ ബോംബെയിൽ നടന്ന സമ്മേളനങ്ങളോടെ അവസാനിക്കുകയും ചെയ്തു. ഈ ആഘോഷങ്ങൾ സംഘടിപ്പിക്കുന്നതിനു് ശ്രീ രാജീവ്ഗാന്ധി അദ്ധ്യക്ഷനായുള്ള ഇന്ദിരാകോൺഗ്രസ്സിൻെറ അധികാരത്തെ ചിലർ ചോദ്യംചെയ്യാതിരുന്നിട്ടില്ല. എന്നാൽ, ഇടക്കാലത്തു പല ശാഖകളായി പിരിഞ്ഞുപോയ ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിൻെറ മുഖ്യ താവഴി ഇന്ദിരാകോൺഗ്രസ് ആണെന്നു് ഇന്ത്യയിലെ ജനകോടികൾ സംശയലേശമെന്യേ വിധിയെഴുതിയിട്ടുണ്ട്. ഭാഗ്യവശാൽ ഇന്നും ജീവനോടെയുള്ള സ്വാതന്ത്ര്യസമരനേതാക്കളിൽ പ്രഥമഗണനീയനായ അതിർത്തി ഗാന്ധി ഖാൻ അബ്ദുൽ ഗഫാർഖാൻെറ സാന്നിദ്ധ്യം ബോംബെയിലെ കോൺഗ്രസ് ശതാബ്ദിആഘോഷങ്ങളുടെമേൽ ആധികാരികതയുടെ മുദ്ര പതിക്കുകയും ചെയ്തിരിക്കുന്നു. സ്വാതന്ത്ര്യസമരത്തിൽ ഏതെങ്കിലും വിധത്തിൽ പങ്കെടുക്കാൻ ഭാഗ്യമുണ്ടായിട്ടുള്ള എല്ലാ ഭാരതീയരുടേയും ഹൃദയങ്ങൾ ഡിസംബർ 28, 29 തീയതികളിൽ ബോംബെയിലെ ബ്രാബോൺ സ്റ്റേഡിയത്തിൽ സ്പന്ദിച്ചിരുന്നു എന്നതിൽ യാതൊരു സംശയവുമില്ല.

നൂറുവർഷം നീണ്ട കാലയളവിൽ, സാഹചര്യങ്ങളുടെ സമ്മർദംമൂലം കോൺഗ്രസ്സിൻെറ ഭാവ—രൂപങ്ങളിൽ പ്രകടങ്ങളായ പരിവർത്തനങ്ങൾ വന്നുചേർന്നിട്ടുണ്ട്. അത്യന്തവിധേയരും മിതവാദികളുമായ ഉയർന്ന വർഗക്കാരുടെ സംഘടനയായിട്ടാണ് കോൺഗ്രസ് നിലവിൽവന്നതു്. സർക്കാരിനോടു നിവേദനങ്ങൾ നടത്തുകയും ഈ നിവേദനങ്ങളിലടങ്ങിയ ആവശ്യങ്ങളുടെ നീതിയുക്തതയെപ്പററി പ്രചാരണം നടത്തുകയുമായിരുന്നു ആദ്യഘട്ടത്തിൽ കോൺഗ്രസ്സിൻെറ പ്രവർത്തനശൈലി. ഇരുപതാം നൂററാണ്ടിൻെറ രണ്ടാം ദശകത്തിൽ, മഹാത്മാഗാന്ധിയുടെ രംഗപ്രവേശ

ത്തോടെ, ഈ സ്ഥിതിയിൽ വിപ്ലവകരമായ മാററമുണ്ടായി. നിരക്ഷരരായ സാധാരണക്കാരുടെ, പ്രത്യേകിച്ച് കർഷകരുടെ, പാർട്ടിയായി മാറി കോൺഗ്രസ്. അതിൻെറ പ്രവർത്തനമാകട്ടെ നിസ്സഹകരണത്തിലൂടെ കടന്നു സവിനയ–നിയമലംഘനമായി വളരുകയുംചെയ്തു. 1942–ൽ ക്വിററിന്ത്യാസമരം പ്രഖ്യാപിക്കപ്പെട്ടതോടെ, സമാധാനപരമായ എല്ലാ മാർഗങ്ങളിലൂടെയും ബ്രിട്ടീഷ് ഭരണം ഉന്മൂലനം ചെയ്യുക എന്നതായിത്തീർന്നു കോൺഗ്രസ്സിൻെറ പരിപാടി ബ്രിട്ടീഷ് ഗവൺമെൻറുമായി പൊരുതിക്കൊണ്ടിരിക്കെത്തന്നെ ഇന്ത്യൻ ജനതയെ സാമ്പത്തികമായും സാംസ്കാരികമായും ഉദ്ധരിക്കുന്നതിനും, രാഷ്ട്രത്തിൻെറ ഏകതയെയും അഖണ്ഡതയെയും സംബന്ധിച്ച അഗാധബോധം നാനാജാതിക്കാരും നാനാമതക്കാരും നാനാഭാഷക്കാരുമായ ഭാരതീയരിൽ ഉളവാക്കുന്നതിനുമുള്ള നിർമാണപരിപാടികൾക്കും കോൺഗ്രസ് നേതൃത്വം നൽകിവന്നു. ചുരുക്കത്തിൽ, ഭാരതീയ സമൂഹത്തിൻെറ സമഗ്രമായ ആധുനികീകരണം കോൺഗ്രസ്സിൻെറ ലക്ഷ്യമായിരുന്നു. നിശ്ചിതങ്ങളായ പരിപാടികൾ നടപ്പിൽവരുത്തിക്കൊണ്ടിരിക്കെത്തന്നെ, ദേശീയ സ്വാതന്ത്ര്യമെന്ന പൊതുവേദിയിൽ ഒത്തുചേരാവുന്ന വിഭിന്ന ചിന്താഗതികൾക്കെല്ലാം കോൺഗ്രസ്സ് സംഘടനയ്ക്കുള്ളിൽ പ്രവർത്തനസ്വാതന്ത്ര്യമുണ്ടായിരുന്നു. ആ സംഘടനയുടെ രൂപം ഒരിക്കലും ഏകശിലാത്മകമായിരുന്നില്ല. ജനാധിപത്യപരങ്ങളായ ചർച്ചകൾക്കും അഭിപ്രായരൂപവത്കരണത്തിനും ആശയപ്രചാരണത്തിനും അതിനകത്ത് എന്നും ഇടം ഉണ്ടായിരുന്നു.

പഴയ കോശങ്ങൾ നശിക്കുകയും പുതിയ കോശങ്ങൾ രൂപംകൊള്ളുകയുമെന്നതു് ജീവൻെറ ചിഹ്നമാണല്ലോ; കോൺഗ്രസ്സിൽനിന്നു പല കാലങ്ങളിലായി പലരും വിട്ടുപോവുകയും വേറെ പലരും അതിൽ വന്നുചേരുകയുംചെയ്തു. കോൺഗ്രസ്സിൻെറ ശത്രുക്കളിൽ പ്രമുഖർ, മിക്കപ്പോഴും, അതിൻെറ മുൻഅംഗങ്ങൾതന്നെയായിരുന്നു. ഇന്ത്യയിൽ ഇന്നുള്ള ഒട്ടെല്ലാ രാഷ്ട്രീയപാർട്ടികളും മുളച്ചുവളർന്നതു് കോൺഗ്രസ്സ്കടയുടെ തണലിലാണ്. മുൻ കോൺഗ്രസ്സുകാരിൽ ചിലർ കമ്യൂണിസ്റ്റുകാരായി കോൺഗ്രസ്സിൽനിന്നു വിട്ടുപോയപ്പോൾ കോൺഗ്രസ്സ് കോൺഗ്രസ്സല്ലാതായില്ല. 1939–ൽ സുഭാസ് ചന്ദ്രബോസ് കോൺഗ്രസ്സിൽനിന്നു വിട്ടു്, ഫോർവേർഡ് ബ്ലോക്ക് രൂപവത്ക്കരിച്ചപ്പോഴും കോൺഗ്രസ്സിനു് അതിൻെറ സ്വത്വം നഷ്ടപ്പെടുകയുണ്ടായില്ല. 1969–ലും 1978–ലും സംഘടനയ്ക്കുള്ളിൽ പിളർപ്പുകൾ ഉണ്ടായപ്പോഴും ഇന്ദിരാഗാന്ധിയുടെ നേതൃത്വം സ്വീകരിച്ച വിഭാഗമാണ് കോൺഗ്രസ്സ് എന്നു് ഇന്ത്യയിലെ ബഹുജനങ്ങൾ അസന്ദിഗ്ദ്ധമായി വിശ്വസിച്ചു. കോൺഗ്രസ്സിൻെറ പൈതൃകം തീർച്ചയായും ഇപ്പോൾ രാജീവ്ഗാന്ധി അദ്ധ്യക്ഷനായുള്ള രാഷ്ട്രീയസംഘടനയ്ക്കു ചേർന്നതാണ്. ശതാബ്ദി ആഘോഷിക്കാൻ ആ സംഘടനയ്ക്കുള്ള അധികാരത്തെ ചിലർ ചോദ്യംചെയ്യുന്നതു സ്വന്തം രാഗദ്വേഷങ്ങൾ സൃഷ്ടിച്ച അന്ധതകൊണ്ടുമാത്രമാകുന്നു.

സ്വാതന്ത്ര്യം ലഭിച്ചുകഴിഞ്ഞ ഉടനെ കോൺഗ്രസ് സംഘടന ഒരു രാഷ്ട്രീയപാർട്ടിയല്ലാതെ, ജനസേവകരുടെ ഒരു സംഘം മാത്രമായി മാറണമെന്ന അഭിപ്രായം ഗാന്ധിജിക്കുണ്ടായിരുന്നു. രാജ്യത്തിലെ വോട്ടർപ്പട്ടികയിൽ പേരുള്ള എല്ലാവരും അതിലെ അംഗങ്ങളായിരിക്കണമെന്നു് ഗാന്ധിജി പറഞ്ഞു. തെരഞ്ഞെടുപ്പുകളിൽ കോൺഗ്രസ് മത്സരിക്കരുതെന്നും, തെരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്നവർ വേറെ പാർട്ടികൾ ഉണ്ടാക്കണമെന്നും അദ്ദേഹം നിർദേശിച്ചു. എന്നാൽ, 'ഗാന്ധിജിയുടെ ഒസ്യത്ത്' എന്നു വിവരിക്കപ്പെടുന്ന ഈ രേഖയെ ജവാഹർലാൽ നെഹ്റുവും വല്ലഭായി പട്ടേലും രാജേന്ദ്രപ്രസാദും അടക്കമുള്ള ഗാന്ധിജിയുടെ അനുയായി

കൾ തികച്ചും അവഗണിക്കുകയാണു ചെയ്തതു്. സ്വാതന്ത്ര്യസമരത്തിലൂടെ ഭാരതീയരുടെ ഹൃദയങ്ങളിൽ കോൺഗ്രസ് സംഘടന നേടിയ സ്വാധീനശക്തി, ആപന്നിബിഡങ്ങളായ സ്വാതന്ത്ര്യാനന്തരവർഷങ്ങളിൽ ഇന്ത്യയെ ഏകീകരിച്ചു നിർത്തുന്നതിനും, ആസൂത്രണത്തിലൂടെ പുരോഗതി കൈവരിക്കുന്നതിനുമായി ഉപയോഗപ്പെടുത്തണമെന്നു് അവർ തീരുമാനിക്കുകയാണുണ്ടായതു്.

സമരയന്ത്രമെന്ന നിലവിട്ടു ഭരണയന്ത്രമായി മാറിയ കോൺഗ്രസ്സിന്റെ സേവനാദർശങ്ങൾ ക്രമേണ മങ്ങിമങ്ങി മറയുകയും, സ്വാർത്ഥതാത്പര്യങ്ങൾ അതിനുള്ളിൽ കരുത്താർജിക്കുകയും ചെയ്തു. ബോംബെയിൽ നടന്ന ശതാബ്ദ്യാഘോഷങ്ങളിലെ സ്മരണീയമായ സംഭവം, കോൺഗ്രസ് പാർട്ടിയേയും അതിന്റെ നിയന്ത്രണത്തിലുള്ള കേന്ദ്ര-സംസ്ഥാന സർക്കാരുകളേയും ശുദ്ധീകരിക്കുന്നതിനു് ഊർജസ്വലമായ ഒരു ബഹുജനപ്രസ്ഥാനം ആരംഭിക്കണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു് പ്രധാനമന്ത്രി രാജീവ്ഗാന്ധി ഡിസംബർ 28-ാം തീയതി ചെയ്ത അദ്ധ്യക്ഷപ്രസംഗമായിരുന്നു. നിർദയമായ ഈ ആത്മപരിശോധനയിൽ, ഭാരതീയസമൂഹത്തിൽ ഇന്നുള്ള മിക്ക ദുഷ്പ്രവണതകൾക്കും എതിരെ രാജീവ്ഗാന്ധി വിരൽചൂണ്ടി. ഇന്ത്യയിൽ ഇന്നുള്ള സർക്കാരുകളും ഭരണകക്ഷികളും എതിർകക്ഷികളും, വ്യവസായികളും തൊഴിൽസ്സംഘടനകളും, വിദ്യാഭ്യാസവും പത്രപ്രവർത്തനവും നീതിന്യായക്കോടതികളും, പൊതുജീവിതത്തിന്റെ എല്ലാ ഘടകങ്ങളും, നിർജീവങ്ങളും ബഹുജനങ്ങളുടെ ഉന്നമനത്തെസ്സംബന്ധിച്ചിടത്തോളം അപ്രസക്തങ്ങളുമായിട്ടുണ്ടെന്നു് അദ്ദേഹം പറഞ്ഞു. ജനാധിപത്യത്തിന്റെ ഉറവയായ തെരഞ്ഞെടുപ്പിൽത്തന്നെ മാലിന്യം കലർന്നിരിക്കുന്നു. സാമൂഹ്യസദാചാരത്തിനു മാതൃക സൃഷ്ടിക്കേണ്ട നിയമസഭകളിലാണു സാമൂഹ്യസദാചാരം ഒട്ടുമില്ലാത്തതു്. അധികാരവും പണവും സ്വാധീനശക്തിയും നേടുന്നതിനു് ആളുകൾ മനസ്സാക്ഷിക്കുത്തില്ലാതെ പാർട്ടിവിട്ടു പാർട്ടിയിൽച്ചേരുന്നു. അവസരവാദത്തിന്റെ പ്രേരണയാൽ രാഷ്ട്രീയകക്ഷികൾ അവയുടെ പ്രഖ്യാപിതസിദ്ധാന്തങ്ങളെ വളച്ചൊടിക്കുന്നു.

ഈ നില മാറുകയും, രാഷ്ട്രീയപ്രവർത്തനത്തിന്റെ അടിസ്ഥാനം ആദർശങ്ങളും പരിപാടികളുമായിത്തീരുകയും വേണമെന്നു് രാജീവ് ഗാന്ധി പറഞ്ഞു. ഇതിനായി, ഇന്നു രാഷ്ട്രീയപാർട്ടികളും നിക്ഷിപ്തതാത്പര്യങ്ങളും തമ്മിൽ നിലവിലുള്ള കൂട്ടുകെട്ടു തകർക്കണം. തെരഞ്ഞെടുപ്പുനിയമങ്ങളിൽ മാററം വരുത്തണം. രാഷ്ട്രീയപാർട്ടികൾ പിരിക്കുന്ന പണത്തിന്റെ കണക്കു പൊതുജനങ്ങളെ ബോധ്യപ്പെടുത്തണം. ജാതിയുടേയും മതത്തിന്റേയും പേരിൽ പാവങ്ങളെ ചൂഷണംചെയ്യുന്നവർക്കെതിരെ ഒരു ആദർശസമരം കെട്ടഴിച്ചുവിടണം.

പാർട്ടിപ്രവർത്തകരിൽ പലരും ആദർശശാലികളാണു്. പക്ഷേ, അധികാരവും സ്വാധീനശക്തിയും പങ്കിട്ടുനൽകുകയും ബഹുജനപ്രസ്ഥാനങ്ങളെ ഫ്യൂഡൽയുഗത്തിലെ നാടുവാഴിക്കൂട്ടായ്മകളാക്കി മാററുകയുംചെയ്യുന്ന കബുദ്ധികൾ ചുമലിൽ കയറിയിരിക്കുന്നതുനിമിത്തം മര്യാദക്കാരായ രാഷ്ട്രീയപ്രവർത്തകർക്കു പ്രവർത്തിക്കാൻ കഴിയുന്നില്ല. 'മതവും ജാതിയും പറഞ്ഞു് സ്വന്തം അധികാരം ഉറപ്പിക്കാൻ കള്ളന്മാർ അവരുടെ പണക്കൊതിയുടെ വലയിൽ കോൺഗ്രസ്സിന്റെ ജീവനുള്ള ശരീരത്തെ കുടുക്കിയിരിക്കുന്നു' എന്നു് രാജീവ്ഗാന്ധി പ്രസ്താവിച്ചു. അവർക്കു് ബഹുജനങ്ങളെ കാണേണ്ട. അവരുടെ ജീവിതരീതിയും ചിന്തയും ചിന്താശൂന്യതയും പൊങ്ങച്ചവും അഴിമതിവഴക്കങ്ങളും സമൂഹത്തിലെ നിക്ഷിപ്ത താത്പര്യങ്ങളുമായുള്ള ബന്ധങ്ങളും ആദർശനാട്യങ്ങളും ജനങ്ങൾക്കിടയിലുള്ള പ്രവർത്തനവുമായി തീരെ പൊരുത്തപ്പെടുന്നവയല്ല. അക

ത്തുനിന്ന് സേവനവും ത്യാഗവും വാർന്നുപോയ ഒരു ഒഴിഞ്ഞ തൊണ്ട് ആയി അവർ കോൺഗ്രസ്സംഘടനയെ മാററിക്കൊണ്ടിരിക്കുകയാണെന്ന് കോൺഗ്രസ് അധ്യക്ഷൻ പരാതിപ്പെട്ടു.

കോൺഗ്രസ് അംഗങ്ങൾ ബഹുജനങ്ങളിൽനിന്നു സ്വയം അകന്നു പോയിരിക്കുന്നു. അവർ അർത്ഥമില്ലാത്ത പഴഞ്ചൻകാര്യങ്ങളാണ് മഹാപ്രശ്നങ്ങളായി അവതരിപ്പിക്കുന്നതു്. ദേശീയ–ഐക്യത്തിന്റെയും അഖണ്ഡതയുടെയും പ്രശ്നങ്ങൾ അവർ പുറകോട്ടുതള്ളിയിരിക്കുന്നു. 'ബ്രിട്ടീഷുകാരുടെ വെടിയുണ്ടകൾക്കുനേരെ വിരിമാറുകാട്ടിയ കോൺഗ്രസ് പ്രവർത്തകർ ഇപ്പോൾ ചില്ലറ ജാതി–സാമുദായികവഴക്കുകൾ പൊട്ടിപ്പുറപ്പെടേണ്ട താമസം, സുരക്ഷിതത്താവളങ്ങളിലേക്കു പരക്കം പാഞ്ഞുപോകുന്നു.' 'നമുക്ക് അച്ചടക്കമില്ല; നിയമമില്ല; പൊതുസദാചാരമില്ല; തത്ത്വദീക്ഷയില്ല; സാമൂഹ്യബോധമില്ല; പൊതുജനങ്ങളോട് ഉത്തരവാദിത്തമില്ല. അഴിമതിയെ നാം അനുവദിക്കുകമാത്രമല്ല, നേതൃത്വത്തിന്റെ അടയാളമായി കൊണ്ടാടുകകൂടിചെയ്യുന്നു. പറയുന്നതും പ്രവർത്തിക്കുന്നതുംതമ്മിലുള്ള പ്രകടമായ വൈരുദ്ധ്യം നമ്മുടെ ജീവിതശൈലിയായിത്തീർന്നിരിക്കുന്നു. ഓരോ കാൽവെപ്പിലും നമ്മുടെ ലക്ഷ്യങ്ങൾക്കെതിരാണ് നമ്മുടെ പ്രവർത്തനങ്ങൾ. ഓരോ ഘട്ടത്തിലും നമ്മുടെ സ്വാർത്ഥം നമ്മുടെ സാമൂഹ്യപ്രതിബദ്ധതയെ ഞെരിച്ചു തകർക്കുന്നു.'

കോൺഗ്രസ്സിന്റെ നില ഇതെങ്കിൽ, എതിർകക്ഷികളോ? രാഷ്ട്രത്തിന്റെ അഖണ്ഡതയും ഐക്യവും സംരക്ഷിക്കാൻ കോൺഗ്രസ്സിനല്ലാതെ മറെറാരു പാർട്ടിക്കും കഴിവില്ല എന്നു് രാജീവ്ഗാന്ധി കരുതുന്നു. 'മറെറല്ലാ പാർട്ടികളിലും നിറയെ ആഭ്യന്തരവൈരുധ്യങ്ങളാണ്. അവയുടെ കഴിവുകേടും അഴിമതിയും സ്വജനപക്ഷപാതവും കള്ളനാട്യങ്ങളും ഇന്ത്യയിലെ രാഷ്ട്രീയദൃശ്യത്തെ വിരൂപമാക്കിയിരിക്കുന്നു. രാഷ്ട്രത്തിന്റെ സുരക്ഷ എന്ന അതിമുഖ്യപ്രശ്നത്തെ അവ കണ്ടില്ലെന്നു നടിക്കുന്നു. അവയിൽ പലതും രാഷ്ട്രവിരുദ്ധശക്തികളുമായി കൂട്ടുകൂടാനും മടിച്ചിട്ടില്ല. അവയുടെ ആദർശവേരുകൾ ഉപരിതലത്തിലുള്ളവയും വീക്ഷണം ജാതി–മത–പ്രാദേശികത്വപരിമിതവുമാകുന്നു. അധികാരത്തിൽ വന്ന ഇടങ്ങളിലെല്ലാം ഈ പാർട്ടികൾ സാമൂഹ്യ–സാമ്പത്തികപുരോഗതി തടസ്സപ്പെടുത്തിയിരിക്കുന്നു.'

പുതിയ സംരംഭങ്ങൾ ഏറെറടുക്കുന്നതിനാവശ്യമായ ധീരതയില്ലാത്തവരും കൊള്ളലാഭം കിട്ടുമെങ്കിൽ ഏതു നിയമവും ലംഘിക്കാൻ മടിയില്ലാത്തവരുമായ വ്യവസായികളെക്കുറിച്ചും പ്രധാനമന്ത്രി ഈ പ്രസംഗത്തിൽ പരാമർശിച്ചു. 'സർക്കാർസംരക്ഷണത്തിലും സാമൂഹ്യ നിരുത്തരവാദിത്തത്തിലും ഇറക്കുമതിപ്രവണതയിലും അഴിമതിയിലും കെട്ടിഉയർത്തിയ വ്യവസായസാമ്രാജ്യങ്ങൾ അധികംകാലം നിലനിൽക്കാൻ പോകുന്നില്ല' എന്ന താക്കീതു് വ്യവസായപ്രമുഖർക്കു് അദ്ദേഹം നൽകി.

നമ്മുടെ തൊഴിലാളിപ്രസ്ഥാനം 'ഉത്തരവാദിത്തമില്ലാത്ത അധികാരവും കടമകളില്ലാത്ത അവകാശങ്ങളും' കൈയടക്കിവെച്ചിരിക്കുകയാണെന്നു് രാജീവ്ഗാന്ധി പരാതിപ്പെട്ടു.

വിദ്യാഭ്യാസത്തിന്റെ സ്ഥിതിയോ? അദ്ധ്യാപകർ പഠിപ്പിക്കുന്നതും കുട്ടികൾ പഠിക്കുന്നതും അപൂർവം. പകരമുള്ളതു പണിമുടക്ക്, കൂട്ടകോപ്പിയടി, പ്രക്ഷോഭണം എന്നിവയാണ്. പുതിയ പരീക്ഷണങ്ങൾ വേണ്ടിടത്തു മാമൂലുകളെ പിന്തുടർന്നു സത്യ–ജ്ഞാനാന്വേഷണത്തെ ശ്വാസംമുട്ടിച്ചു സർഗശക്തി നശിപ്പിക്കലാണു നടക്കുന്നതു്. സ്വാതന്ത്ര്യബോധത്തിന്റെയും ആത്മാഭിമാനത്തിന്റെയുംമേൽ രാഷ്ട്രീയത്തിന്റെയും ജാതിയുടെയും അഴിമതിയുടെയും കനത്ത കൈകൾ വീണിരിക്കുന്നു.

ആധുനികശാസ്ത്രവും പ്രാചീനപൈതൃകവും കൂട്ടിയിണക്കേണ്ടതിനുപകരം നാം നിർജീവങ്ങളായ സൂത്രവാക്യങ്ങൾ ആവർത്തിക്കുന്നു.'

വിളവു തിന്നുന്ന വേലികളായിട്ടുണ്ട് ഭരണ-സാങ്കേതികവിഭാഗങ്ങൾ എന്ന് രാജീവ്ഗാന്ധി അഭിപ്രായപ്പെട്ടു. 'ദരിദ്രരെയും നിസ്സഹായരെയും സഹായിക്കുന്നതിനുപകരം മർദിക്കുന്ന സർക്കാരുദ്യോഗസ്ഥന്മാരും, നിയമം സംരക്ഷിക്കുന്നതിനുപകരം കുറ്റക്കാരെ സംരക്ഷിക്കുന്ന പോലീസുകാരും, നികുതി പിരിക്കുന്നതിനുപകരം നികുതി കൊടുക്കാതെ സർക്കാരിനെ വഞ്ചിക്കുന്നവർക്ക് അരുനിൽക്കുന്ന റവന്യൂ ഉദ്യോഗസ്ഥരും—സമൂഹത്തിന്റെ ചെലവിൽ സ്വന്തം കീശ വീർപ്പിക്കുന്ന വലിയ ഒരു സംഘം—നമ്മുടെ നാട്ടിലുണ്ട്. പ്രവർത്തനം സംബന്ധിച്ച ആചാരച്ചട്ടമോ, പൊതുക്കാര്യങ്ങളിൽ താത്പര്യമോ, രാഷ്ട്രത്തിന്റെ ഭാവിയിൽ അഭിനിവേശമോ, രാഷ്ട്രീയലക്ഷ്യങ്ങളെപ്പറ്റി പരിജ്ഞാനമോ, ആധുനികഭാരതത്തിന്റെ മൂല്യങ്ങളോടു പ്രതിബദ്ധതയോ ഇവർക്കില്ല. യോഗ്യതയോ ആത്മാഭിമാനമോ ആദർശബോധമോ ഇല്ലാത്ത ഇവർക്കുള്ളത് എന്തുചെയ്തും കാശുനേടണമെന്ന വിചാരംമാത്രമാണ്.

രാജീവ്ഗാന്ധിയുടെ ഈ അധ്യക്ഷപ്രസംഗം ഇന്ത്യയിലെ എല്ലാ ഭാഷകളിലും പൂർണ്ണമായി തർജമചെയ്തു ഭംഗിയായി അച്ചടിച്ചു വിപുലമായ തോതിൽ പ്രചരിപ്പിക്കുവാൻ കോൺഗ്രസ്സംഘടന തയ്യാറാവേണ്ടതാണ്.

ഈ ദുസ്ഥിതിയിൽനിന്നു മോചനംനേടുന്നതിന് കോൺഗ്രസ് സംഘടനയോ കേന്ദ്രഗവൺമെന്റോ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്ന നടപടികളെപ്പറ്റി രാജീവ്ഗാന്ധി തന്റെ പ്രസംഗത്തിൽ പരാമർശിക്കുകയുണ്ടായില്ല.

സമ്മേളനത്തിൽ അവതരിപ്പിച്ചു പാസ്സാക്കിയ മുഖ്യപ്രമേയത്തിന് 'ശതാബ്ദസങ്കല്പം' എന്ന പേരാണ് നൽകപ്പെട്ടിരിക്കുന്നത്. ജനാധിപത്യം, മതനിരപേക്ഷത, സോഷ്യലിസം, ചേരിചേരായ്മ എന്നീ അടിസ്ഥാനസിദ്ധാന്തങ്ങൾ കൈവിടാതെ ഇന്ത്യ എല്ലാ രംഗങ്ങളിലും ത്വരിതപുരോഗതി നേടണമെന്നു നിർദേശിക്കുന്ന ഈ പ്രമേയം, കേന്ദ്രത്തെ ദുർബലമാക്കുന്നതിനെതിരെ താക്കീതുനൽകുകയും, അക്രമ-ഭീകരപ്രവണതകളെയും, മത-സാമുദായികവാദങ്ങളെയും ആക്ഷേപിക്കുകയും, അത്യാധുനികസാങ്കേതികവിദ്യ ഉപയോഗിച്ചു കാര്യക്ഷമത വളർത്തി കാർഷിക-വ്യാവസായികോൽപാദനം മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത ഉയർത്തിക്കാട്ടുകയുംചെയ്യുന്നു.

കോൺഗ്രസ്പാർട്ടിയെയും ആ പാർട്ടിയുടെ നിയന്ത്രണത്തിലുള്ള ഗവൺമെന്റുകളെയും ശുദ്ധീകരിക്കുന്നതിന് രാജീവ്ഗാന്ധി നൽകിയ ആഹ്വാനത്തിനു സമ്മേളനത്തിൽ പൂർണ്ണമായ പിന്തുണ ലഭിക്കുകയുണ്ടായി. പാർട്ടിയിൽ ജനാധിപത്യം പുനഃസ്ഥാപിക്കുന്നതിനുള്ള പ്രാരംഭനടപടിയായി, 1986 ജൂലൈ 25-ാം തീയതിക്കുമുമ്പ് കോൺഗ്രസ്സിൽ പുതിയ അംഗങ്ങളെ ചേർത്ത്, അതിന്റെ എല്ലാ തലങ്ങളിലും തെരഞ്ഞെടുത്ത കമ്മറ്റികൾ നിലവിൽവരുത്തുമെന്നു പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. കള്ളമെമ്പർപ്പട്ടികകൾ ഉണ്ടാക്കാതെ നോക്കേണ്ട ഭാരം സാധാരണപ്രവർത്തകരിൽ നിക്ഷേപിക്കുകയാണ് രാജീവ്ഗാന്ധി ചെയ്തിട്ടുള്ളത്. അധികാരം കൈയാളുന്ന എന്നതിനാൽ കോൺഗ്രസ് പാർട്ടിയിലേക്കു കരിഞ്ചന്തക്കാരും കള്ളപ്പണക്കാരും സാമൂഹ്യവിരുദ്ധരും കുറ്റവാളികളും വൻതോതിൽ തള്ളിക്കയറുമെന്നതു സ്വാഭാവികംമാത്രമാണ്. ഇവരെ താക്കോൽസ്ഥാനങ്ങളിൽനിന്ന് ഒഴിച്ചുനിർത്താൻ പ്രായോഗികമായി എന്തു തന്ത്രമാണ് കോൺഗ്രസ്പ്രസിഡണ്ടുകൂടിയായ രാജീവ്ഗാന്ധി നടപ്പിൽവരുത്തുക?

തന്റെ അധ്യക്ഷപ്രസംഗത്തിൽ നിർദേശിച്ചതുപോലെ, അഴിമതിക്കെതിരായ ഒരു ബഹുജനപ്രസ്ഥാനം രാജീവ്ഗാന്ധി ആരംഭിക്കുന്ന പക്ഷം, വലിയതോതിലുള്ള അട്ടിമറികളും പൊട്ടിത്തെറികളും കോൺഗ്രസ്പാർട്ടിക്കകത്തു സംഭവിക്കാൻ സാധ്യതകളുണ്ട്. തങ്ങളുടെ സ്വാർത്ഥോദ്ദേശ്യങ്ങൾ കോൺഗ്രസ്സിനകത്തു നടപ്പില്ലെന്നുകണ്ടാൽ, ഇന്ന് അതിന്റെ അകത്തു കയറിക്കൂടിയിട്ടുള്ള സാമൂഹ്യവിരുദ്ധർ വലിയതോതിൽ അതിൽനിന്നു പുറത്തുവരുകയും, പ്രാദേശിക–ജാതി–മത–സംഘടനകളിൽ അഭയംപ്രാപിക്കുകയും ചെയ്യാനിടയുണ്ട്. പല സംസ്ഥാനങ്ങളിലും ഇതിനു അപ്രതീക്ഷിതങ്ങളായ ഫലങ്ങളുണ്ടാവാം. പല കോൺഗ്രസ് ഗവണ്മെൻറുകളും അതുമൂലം തകർന്നുകൂടെന്നുമില്ല.

രാഷ്ട്രീയമായും സാമ്പത്തികമായും സാമൂഹ്യമായും മാത്രമല്ലാതെ, ബുദ്ധിപരമായും ആദ്ധ്യാത്മികമായും കൂടി ഭാരതീയസമൂഹത്തെ ആധുനികീകരിക്കുന്നതിനു വിപുലവും സംഘടിതവുമായ ഒരു പ്രചാരണപ്രസ്ഥാനം യുവജനങ്ങളെ കേന്ദ്രീകരിച്ചു നടത്തുകയാണ് ഇതിനുള്ള പ്രതിവിധി. മരംമുരടിച്ച പിന്തിരിപ്പന്മാർ പാർട്ടി വിട്ടുപോകണം; അതേസമയം ആദർശശാലികളായ യുവജനങ്ങൾ വലിയതോതിൽ അതിൽ അംഗങ്ങളാവുകയുംവേണം. പാർട്ടിയെ നവീകരിച്ചു സജീവമാക്കുന്നതിനുള്ള ഇത്തരമൊരു ബഹുജനപ്രസ്ഥാനം കോൺഗ്രസ്സിന്റെ ഇന്നത്തെ പ്രാദേശികനേതാക്കളിൽനിന്നു പ്രതീക്ഷിക്കുന്നതു് അസ്ഥാനത്തായിരിക്കും.

അധികാരത്തിൽവന്നു് ഒരു വർഷത്തിനകം തന്റെ വാഗ്ദാനങ്ങളിൽ പലതും നിറവേററാൻ രാജീവ്ഗാന്ധിക്കു കഴിഞ്ഞിട്ടുണ്ട്. പഞ്ചാബിലെയും അസമിലെയും പ്രശ്നങ്ങൾ പരിഹാരത്തിന്റെ വഴിയിലൂടെ മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുകയാണ്. അന്താരാഷ്ട്രീയരംഗത്തു് തന്റെയും തന്റെ രാജ്യത്തിന്റെയും പ്രതിച്ഛായ ഉജ്ജ്വലമാക്കുന്നതിലും രാജീവ്ഗാന്ധി വിജയിച്ചിരിക്കുന്നു. അയൽപക്കരാഷ്ട്രങ്ങളുമായുള്ള ഇന്ത്യയുടെ ബന്ധങ്ങളിൽ പ്രസ്താവാർഹമായ പുരോഗതി ഇതിനകം ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. ഇന്ത്യയുടെ പുതിയ വ്യവസായനയം പല പ്രതീക്ഷകളെയും ഉണർത്തിയിട്ടുണ്ട്. ഗംഗയെ ശുദ്ധീകരിക്കുന്നതിനും, പരിതഃസ്ഥിതിയെ സംരക്ഷിക്കുന്നതിനും രാജീവ്ഗാന്ധി കൈക്കൊണ്ടുകഴിഞ്ഞ നടപടികളും പരക്കെ പ്രശംസയാർജിച്ചിട്ടുണ്ട്. കള്ളപ്പണക്കാർ, നികുതിവെട്ടിപ്പുകാർ, മയക്കുമരുന്നുകച്ചവടക്കാർ, അഴിമതിക്കാരായ ഉദ്യോഗസ്ഥർ എന്നിവർക്കെതിരെയും ചില നടപടികളെല്ലാം എടുത്തുതുടങ്ങിയിരിക്കുന്നു

എന്നിട്ടും, രാജീവ്ഗാന്ധിയുടെ പേരുപയോഗിച്ചു വോട്ടുനേടുന്നതിനുള്ള കോൺഗ്രസ്സിന്റെ കഴിവ് ക്രമത്തിൽ ക്ഷയിച്ചുവരുകയാണെന്നു് പഞ്ചാബിലെയും അസമിലെയും നിയമസഭകളിലേക്കു നടന്ന തെരഞ്ഞെടുപ്പുകളും, കേന്ദ്രനിയമസഭയിലേക്കു നടന്ന ഉപതെരഞ്ഞെടുപ്പുകളും തെളിയിക്കുന്നു.

'കോൺഗ്രസ ശതാബ്ദി' എന്ന പേരിൽ ഈ പംക്തിയിൽ 1985 മെയ്മാസത്തിൽ എഴുതിയ ലേഖനത്തിൽനിന്നു് ഏതാനും വരികൾ ഉദ്ധരിച്ചു് ഇതു് അവസാനിപ്പിക്കാം. അന്നു ഞാൻ എഴുതി:

'രാഷ്ട്രീയ–സാമ്പത്തിക–വിദേശബന്ധകാര്യങ്ങളിൽ രാജീവ് ഗാന്ധി കൈക്കൊള്ളുന്ന നടപടികൾ പൊതുവെ ബുദ്ധിജീവികൾ സ്വാഗതംചെയ്യുന്നുണ്ടെങ്കിൽക്കൂടി, അദ്ദേഹത്തിന്റെ അനുഗ്രഹത്തോടെ സംസ്ഥാനങ്ങൾ ഭരിക്കുന്ന മുഖ്യമന്ത്രിമാർക്കെതിരെ വ്യാപകമായ അസന്തോഷം—പലപ്പോഴും വിരോധംതന്നെ—ബഹുജനങ്ങൾക്കിടയിൽ രൂപംകൊണ്ടുവരുന്നുണ്ട്. താൽക്കാലികലാഭങ്ങൾക്കുവേണ്ടി സംസ്ഥാന ഭരണകൂടങ്ങൾ കൈക്കൊള്ളുന്ന സൂത്രവിദ്യകൾ ജനങ്ങൾക്കിടയിൽ കടുത്ത

അമർഷത്തിന കാരണമാവുന്നു....പോലീസും റൗഡികളും രാഷ്ട്രീയക്കാരും കൂട്ടുചേർന്ന നടത്തുന്ന ജനമർദനമായി സംസ്ഥാനഭരണം ജനങ്ങൾക്കു മുമ്പിൽ പ്രത്യക്ഷപ്പെടുകയെന്നതു സാധാരണ സംഭവമായിത്തീർന്നിരിക്കുന്നു. കേരളത്തിൽ നടക്കുന്നതുപോലെയുള്ള ഈർക്കിൽപ്പാർട്ടികളുടെ വൃത്തികെട്ട സമ്മർദതന്ത്രങ്ങളും, നഗ്നമായി നിരന്തരം നടക്കുന്ന പൊതുമുതൽക്കൊള്ളയും, ജനങ്ങളുടെ നിസ്സഹായതാബോധവും, ഇന്നല്ലെങ്കിൽ നാളെ സർക്കാരിനെതിരെ ഉഗ്രമായ ഒരു പ്രക്ഷോഭണമായി രൂപാന്തരപ്പെട്ടുകൂടായ്കയില്ല. വിശ്വാസ്യതയുള്ള എതിർപാർട്ടികളോ ആരോപണവിധേയരല്ലാത്ത എതിർപാർട്ടി നേതാക്കളോ സംസ്ഥാനങ്ങളിൽ ഇല്ലെന്നതാണ് കോൺഗ്രസ്പാർട്ടിക്ക് ഇന്നുള്ള അനുകൂലപരിതഃസ്ഥിതി.'

ഈ നിഷേധാത്മകസാഹചര്യത്തിന്റെ മാത്രം പിൻബലത്തോടെ കോൺഗ്രസ്സിന് എത്രകാലം നിലനിൽക്കാൻ കഴിയും?

തന്റെ പാർട്ടിയിൽ അനിഷേധ്യമാംവിധം സ്വന്തം നേതൃത്വം ഉറപ്പിക്കാൻ ഇതിനകം രാജീവ്ഗാന്ധിക്ക് കഴിഞ്ഞിട്ടുണ്ട്. അതിനകത്ത് കുന്നുകൂടിക്കിടക്കുന്ന വൃത്തികേടുകളെപ്പററി ശരിയായ ധാരണ അദ്ദേഹത്തിനുണ്ടെന്ന് ബോംബെയിലെ ശതാബ്ദിസമ്മേളനത്തിൽ അദ്ദേഹം ചെയ്ത അധ്യക്ഷപ്രസംഗം വ്യക്തമാക്കുന്നു.

പക്ഷേ, വാക്കുകൾകൊണ്ട് എല്ലൊടിയില്ല. അഴിമതിയുടെ എല്ലൊടിക്കുവാൻ രാജീവ്ഗാന്ധിക്ക് കരുത്തുണ്ടോ? മനസ്സുണ്ടോ? ഉപകരണമുണ്ടോ? പരിപാടിയുണ്ടോ?

നമുക്ക് അതു കാത്തിരുന്നു കാണാം.

31 ഡിസംബർ, 1985.

## 51. അസമിൽ സമാധാനം

1985 ആഗസ്റ്റ് 15–ാം തീയതി വെളുപ്പിനു് രണ്ടേമുക്കാൽ മണിക്ക്, ഡൽഹിയിൽ പ്രധാനമന്ത്രിയുടെവസതിയിൽവെച്ച്, കേന്ദ്രഗവണ്മെൻറിന്റെയും അസം ഗവണ്മെൻറിന്റെയും പ്രതിനിധികൾ ഒരുവശത്തും, അഖില അസം വിദ്യാർത്ഥിയൂണിയന്റെ (എ. എ. എസ്. യു.) പ്രസിഡണ്ട് പ്രഫുല്ലകുമാർ മഹന്ത്, ജനറൽ സെക്രട്ടറി ഭൃഗുഫൂക്കൻ, അഖില അസം ഗണസംഗ്രാമപരിഷത്തിന്റെ (എ. എ. ജി. എസ്. പി.) കൺവീനർ ബിരാജ്ശർമ എന്നിവർ മറുവശത്തുമായി ഒരു ഉടമ്പടിയിൽ ഒപ്പിട്ടതിനെത്തുടർന്ന്, ആറു വർഷമായി അസം സംസ്ഥാനത്തിൽ നടന്നുവന്ന ജനകീയപ്രക്ഷോഭം അവസാനിച്ചിരിക്കുന്നു. പഞ്ചാബിൽ സമാധാനം കൈവരുത്തിയ ഉടമ്പടിയിൽ ജൂലൈ 24-ാം തീയതി ഒപ്പിട്ട ശേഷം, മൂന്നാഴ്ചയ്ക്കുള്ളിൽ അസമിൽക്കൂടി സമാധാനം സ്ഥാപിക്കുവാൻ കഴിഞ്ഞുവെന്നതു് പ്രധാനമന്ത്രി രാജീവ്ഗാന്ധിയുടെ വലിയ ഒരു നേട്ടമാണെന്നു പറയാതെ വയ്യ. രാഷ്ട്രത്തിന്റെ മുഴുവൻ അഭിനന്ദനം പ്രധാനമന്ത്രി അർഹിക്കുന്നു.

അനധികൃതമായ കുടിയേററത്തിൻഫലമായി അസം സംസ്ഥാനത്തിൽ അസമിയഭാഷ സംസാരിക്കുന്നവർ ഒരു ന്യൂനപക്ഷമായി മാറിക്കൊണ്ടിരിക്കുന്നു എന്നതാണ് അവിടെ വ്യാപകമായ ജനകീയപ്രക്ഷോഭം ഇളക്കിവിട്ട പ്രശ്നം. താരതമ്യേന അവികസിതവും ജനവാസം കുറഞ്ഞതുമായ അസമിൽ ബ്രിട്ടീഷ് വാഴ്ക്കാലത്തു വളരെക്കാലത്തോളം